**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **09-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ ഇ.എസ്.എ പ്രദേശങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ലിന്റോ ജോസഫ്</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>ഇപ്പോൾ നിലവിലുള്ള നോട്ടിഫിക്കേഷൻ പ്രകാരം തിരുവമ്പാടി മണ്ഡലത്തിലെ ഇക്കോ സെൻസിറ്റീവ് ഏരിയ (ഇ.എസ്.എ) യിൽ ഉൾപ്പെടുന്ന വില്ലേജുകൾ ഏതൊക്കെയാണെന്നും വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുമോ;</td><td>(എ)</td><td>കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഇപ്പോൾ നിലവിലുള്ള കരട് ESA വിജ്ഞാപനം പ്രകാരം കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിലെ 4 (നാല്) വില്ലേജുകൾ ESA യിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>നം.</th><th>വില്ലേജ്</th><th>വില്ലേജ് വിസ്തീർണ്ണം (ച.കി.മീ)</th><th>ESA വിസ്തീർണ്ണം (ച.കി.മീ)</th></tr>
<tr><td>1.</td><td>കോടഞ്ചേരി</td><td>26.49</td><td>5.86</td></tr>
<tr><td>2.</td><td>നെല്ലിപ്പൊയിൽ</td><td>33.31</td><td>22.44</td></tr>
<tr><td>3.</td><td>പുതുപ്പാടി</td><td>50.23</td><td>30.50</td></tr>
<tr><td>4.</td><td>തിരുവമ്പാടി</td><td>88.08</td><td>37.48</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഈ വ്യാപ്തി കുറയ്ക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;</td><td>(ബി)</td><td>മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?</td><td>(സി)</td><td>മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**(ബി & സി)** - ഇ. എസ് . എ വില്ലേജുകളുടെ വ്യാപ്തി ലഘൂകരിക്കുന്നതിനും ആയതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും ഉള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇ എസ്. എ , വില്ലേജുകളുടെ നിർണ്ണയവുമായി ബന്ധപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി 24.05.2022 ൽ നടത്തിയ യോഗത്തിൽ വില്ലേജ്-വനാതിർത്തികൾ പരിശോധിച്ചു ജനവാസമേഖലകൾ ഒഴിവാക്കി ഇ എസ്. എ , ആയി നിജപ്പെടുത്തേണ്ട പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ റവന്യൂ ,വനം ,പരിസ്ഥിതി, സർവ്വേ & ലാൻഡ് റെക്കോർഡ്സ്, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ, ലാന്റ് യൂസ് ബോർഡ്, ലാന്റ് റവന്യു കമ്മീഷണറേറ്റ് എന്നിവയുടെ ഉദ്യോഗസ്ഥർ അംഗങ്ങൾ ആണിരുന്നു. അതത് വകുപ്പുകളുടെ പക്കൽ ലഭ്യമായ വിവരങ്ങൾ സമിതിക്ക് കൈമാറി.

ആയതു പ്രകാരം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടർ തയ്യാറാക്കിയ കരട് shape/ kml ഫയൽ പരിശോധിക്കുന്നതിനായി, ചീഫ് സെക്രട്ടറിതല യോഗത്തിലെ നിർദ്ദേശ പ്രകാരം, ഇ എസ്. എ വില്ലേജുകൾ വരുന്ന ജില്ലകളിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധന കമ്മിറ്റി രൂപികരിക്കുകയുണ്ടായി. വില്ലേജ് അതിർത്തികൾ, വനാതിർത്തികൾ വരുന്നപക്ഷം അവിടങ്ങളിൽ സ്ഥലപരിശോധന സഹിതം നടത്തി അപാകതകൾ പരിഹരിച്ചു. ഇവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ എസ്. എ പുനഃനിർണ്ണയിക്കുകയുണ്ടായി. പ്രസ്തുത രേഖകളിന്മേൽ അവസാനഘട്ട പരിശോധനകൾക്കും പൊതുജനങ്ങളുടെ അഭിപ്രായ സമാഹരണത്തിനും ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമമാക്കുന്നതിലേക്കുള്ള അവസാന നടപടിക്രമത്തിന്റെ ഭാഗമായി ഈ രേഖകൾ എല്ലാ പഞ്ചായത്തുകളിലും 2024 മാർച്ച് മാസം കൈമാറി. പഞ്ചായത്തുകളിൽ നിന്നുള്ള അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തിന്റെ പുതുക്കിയ ഇ എസ്. എ നിർദ്ദേശം 2024 മെയ് 13 ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി.

അതു പ്രകാരം പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സ്പേഷ്യൽ രേഖകൾ പരിശോധിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്തതു പ്രകാരം ഇ എസ്. എ യിൽ മാറ്റം വരുത്തി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടർ സമർപ്പിച്ച കരടു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.